## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2060 | 10.10.2011-ലെ മറുപടിക്ക് |
|---|---|

### ചെങ്ങന്നൂർ-ആലാ പി.എച്ച്.സി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ആലാ പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) പ്രസ്തുത സെന്ററിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ? | ബി) ഒ.പി വിഭാഗം, ഫാർമസി, പകർച്ചവ്യാധി നിയന്ത്രണ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തി വയ്പിനുള്ള സൗകര്യങ്ങൾ എന്നീ സൗകര്യങ്ങൾ ആല പി.എച്ച്.സിയിൽ ലഭ്യമാണ്. |
| സി) പ്രസ്തുത സെന്ററിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികയിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ; | സി) പ്രസ്തുത സെന്ററിൽ താഴെ പറയുന്ന ജീവനക്കാർ ജോലി ചെയ്യുന്നു.<br><br>മെഡിക്കൽ ഓഫീസർ -1<br>ഫാർമസിസ്റ്റ് -1<br>സ്റ്റാഫ് നഴ്സ് -1<br>എൽ.ഡി ക്ലാർക്ക് -1<br>ഹെൽത്ത് ഇൻസ്പെക്ടർ -1<br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -2<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -2<br>പ്യൂൺ -1<br>നഴ്സിംഗ് അസിസ്റ്റന്റ് -1<br>ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് 2 -1<br>പാർട്ട് ടൈം സ്വീപ്പർ -1<br><br>**ആകെ** -13 |

| | |
|---|---|
| ഡി)ഈ സെന്ററിൽ ബി.എസ്.എൻ. എൽ ബ്രോഡ് ബാന്റ് കണക്ഷൻ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ഡി) ബ്രോഡ് ബാന്റ് കണക്ഷൻ ലഭ്യമാക്കുവാൻ സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ ചെങ്ങന്നൂർ, വെൺമണി ടെലഫോൺ എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ വയർലെസ്സ് ഇൻ ലോക്കൽ ലൂപ്പ് (ലാന്റ്) ആയതിനാൽ ബ്രോഡ് ബാൻഡ് ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ലാന്റ് ലൈൻ ഫോൺ കണക്ഷൻ വിത്ത് ബ്രോഡ് ബാൻഡ് ലഭ്യമാക്കാൻ അപേക്ഷ നൽകിയെങ്കിലും കേബിൾ ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചത് |

സെക്ഷൻ ഓഫീസർ